ചെറുകഥ

കല്ലുപാലം

സാംജീവ്

എന്റെ പേര് തൊമ്മി എന്നല്ല; തോമസ് എന്നാണ്.

എന്റെ അമ്മ എന്നെ തോമസ് കുട്ടി എന്നാണ് വിളിക്കുന്നത്. എന്നാൽ പനച്ചമൂട്ടിലെ മത്തായിച്ചേട്ടൻ എന്നെ തൊമ്മി എന്നാണ് വിളിക്കുന്നത്.

“തൊമ്മിയേ”

പല്ല് മുഴുവൻ കാണിച്ചുകൊണ്ട് ഒരു വലിയ ചിരിയോടെയാണ് മത്തായിച്ചേട്ടൻ വിളിക്കുന്നത്. ആ ചിരി കാണുമ്പോൾ എനിക്ക് അരിശം വരും. ഞാൻ കേൾക്കാത്ത മട്ടിൽ നടക്കാൻ ശ്രമിക്കും.

ഞാൻ പള്ളിക്കൂടത്തിൽ പോകുന്ന വഴിയുടെ സമീപമാണ് മത്തായിച്ചേട്ടന്റെ വീട്. മത്തായിച്ചേട്ടൻ വീണ്ടും വിളിക്കും.

“തൊമ്മിയേ”

എനിക്ക് സങ്കടം വരും. എന്റെ കണ്ണ് നിറയും, കണ്ണ് തുളുമ്പും.

“ഇവന്റെ കണ്ണുകൾ പൂഞ്ചോലച്ചിറപോലെയാണ്.”

ഒരിക്കൽ അമ്മ മനയ്ക്കലെ ഗൌരിച്ചേച്ചിയോട് പറയുന്നത് ഞാൻ കേട്ടു. അമ്മയുടെ കൂട്ടുകാരിയാണ് ഗൌരിച്ചേച്ചി.

“ചിലപ്പോൾ ചിറപൊട്ടിയൊഴുകും; അരുവി പോലെയൊഴുകും. പ്രത്യേകിച്ച് കാരണമൊന്നും വേണ്ട.”

ഗൌരിച്ചേച്ചി വാൽസല്യത്തോടെ എന്നെ നോക്കി ചിരിച്ചു.

എനിക്ക് നാണക്കേടായി.

“അടുത്ത മകരമാസത്തിൽ സാമിന് പത്ത് വയസ്സാകും. അവൻ അടുത്ത വർഷം സദാനന്ദപുരം സ്ക്കൂളിലാ പഠിക്കാൻ പോകുന്നത്.”

അമ്മ ആരോടോ പറഞ്ഞു.

“മകരമാസത്തിൽ പത്ത് വയസ്സാകാൻ പോകുന്ന ഞാൻ ചെറിയ കുട്ടിയാണോ? അടുത്തവർഷം സദാനന്ദപുരം പള്ളിക്കൂടത്തിൽ പഠിക്കാൻ പോകുന്ന ഞാൻ ചെറിയ കുട്ടിയാണോ?”

ചോദ്യങ്ങൾ പലത് മനസ്സിൽ ഉദിച്ചു.

ഒരാൾ എന്നെ “തൊമ്മിക്കുട്ടാ” എന്ന് വിളിക്കും, വളരെ സ്നേഹത്തോടെ. സ്നേഹംകൂടുമ്പോൾ “എന്റെ തോമ്മിക്കുട്ടാ” എന്ന് വിളിച്ചുകൊണ്ട് എന്റെ കവിളിൽ നുള്ളും. ആരാണെന്നറിയാമോ?

ചാത്തൻപുരയ്ക്കലെ തേവി.

എനിക്ക് ദേഷ്യം വരും.

ഞാൻ വിളിക്കും: “കരിവീട്ടിത്തേവി.”

ചാത്തന്റെ വീടാണ് ചാത്തൻപുര.

ചാത്തന്റെ മകളാണ് തേവി.

എന്നെക്കാൾ അഞ്ച് വയസ്സ് കൂടുതൽ കാണും തേവിക്ക്.

ഒരിക്കൽ ഞാനവളെ തേവിച്ചേച്ചി എന്ന് വിളിച്ചതാണ്.

അമ്മ പറഞ്ഞു.

“ചേച്ചിയൊന്നും വേണ്ടാ. തേവിയെന്ന് വിളിച്ചാൽ മതി.”

കരിവീട്ടിത്തടിയിൽ കടഞ്ഞെടുത്തതുപോലെയാണ് തേവിയുടെ ശരീരം.

അതുകൊണ്ടാണ് ഞാനവളെ ‘കരിവീട്ടിത്തേവി’ എന്ന് വിളിക്കുന്നത്.

തേവി പാട്ട് പാടും; അസലായിപാടും, നല്ല ശീലോടെ പാടും.

മാവ് പൂത്ത ഒരു വസന്തസന്ധ്യയിൽ തേവിയുടെ പാട്ട് കേട്ടു.

“ഇടി മെട്ടണ മെട്ടലിലോ

മഴ ചാറ്റണ ചാറ്റലിലോ

നിന്റമ്മിണി പാടത്തോ

രാരിരോ, രാരിരോ, രാരിരാരോ.”

ലച്ച്മിയുടെ കുഞ്ഞിന് തേവി താരാട്ട് പാടുകയാണ്.

തേവിയുടെ ചേച്ചിയാണ് ലച്ച്മി.

ഒരിക്കൽ ഞാൻ ചോദിച്ചു.

“തേവി, ആ പാട്ടൊന്ന് പാടാമോ?”

“ശ്ശോ,”

തേവി ചുണ്ടിൽ വിരൽ വച്ചു. നിഷേധഭാവത്തിൽ തലയാട്ടി.

എനിക്ക് സങ്കടമായി. ഞാൻ വിളിച്ചു.

“കരിവീട്ടിത്തേവി.”

“തൊമ്മിക്കുട്ടാ”

അതൊരു താക്കീതായിരുന്നു.

കുറുമ്പ് കാട്ടുന്ന പെണ്ണാണ് തേവി. അവൾ കുറുമ്പ് കാട്ടുമ്പോൾ കവിൾ തുടിക്കും, ചുണ്ടുകൾ ചലിക്കും. അപ്പോൾ തേവിക്ക് അഴക് കൂടും. തേവിക്ക് പെട്ടെന്ന് അരിശം വരും. അപ്പോഴും തേവിയുടെ കവിളുകൾ തുടിക്കും, ചുണ്ടുകൾ വിറയ്ക്കും.

പിറ്റേദിവസം രാവിലെ തേവി എന്റെ ഭവനത്തിലെത്തി. കൈനിറയെ ഞാവൽ പഴങ്ങളുമായാണ് അവൾ വന്നത്.

“എനിക്ക് തേവിയോട് കൂട്ടില്ല.”

ഞാൻ പറഞ്ഞു.

“അങ്ങനെ പറയല്ലേ, എന്റെ പൊന്നല്ലേ, എന്റെ തൊമ്മിക്കുട്ടാ.”

പെട്ടെന്നാണ് അത് സംഭവിച്ചത്.

തേവി എന്റെ കവിളിൽ അമർത്തി ചുംബിച്ചു. അല്പം പരിഭ്രമത്തോടെ അവൾ ചുറ്റും നോക്കി. അപ്പോൾ അവളുടെ കവിൾ തുടുത്തിരുന്നു.

“അമ്മയോട് പറയരുത്.”

തേവി പറഞ്ഞു. അവളുടെ ചുണ്ടുകൾ വിറയ്ക്കുന്നുണ്ടോ!

തേവിയുടെ സ്നേഹത്തിൽ എന്റെ കോപം അലിഞ്ഞുപോയി.

“അമ്മയോട് പറഞ്ഞാലെന്താണ് കുഴപ്പം?”

ഞാവൽ പഴം തിന്നുന്നതിനിടയിൽ ഞാൻ സ്വയം ചോദിച്ചു. പക്ഷേ ഞാൻ ആരോടും ഒന്നും പറഞ്ഞില്ല.

എന്റെ ഗ്രാമത്തിൽ പൊന്നിൻ ചിങ്ങമാസം വന്നു.

ആയിരവല്ലിപ്പാടം സജീവമായി.

പാടങ്ങൾ ഉഴുത് മറിച്ചു, മരമടിച്ച് നിരപ്പാക്കി.

ഇടത്തോട്ടിൽ നിന്നും വെള്ളം കയറ്റിനിറുത്തി.

ആയിരവല്ലിപ്പാടം ഞാറ് നടാൻ പരുവമായി.

ഞാറ് നടുന്നത് പെണ്ണാളാണ്.

ആണുങ്ങൾ ഞാറ് നടുകയില്ല.

അത് കിടാത്തികളുടെ ജോലി.

കള്ളിമുണ്ട് ഉടുത്താണ് അവർ ഞാറ് നടുന്നത്.

കാൽമുട്ടുവരെ ഇറക്കമുള്ള കള്ളിമുണ്ട്.

പുടവ ഉടുത്തുകൊണ്ട് ഞാറ് നടാൻ പറ്റില്ല.

കിടാത്തികളുടെ കൈകൾ വേഗത്തിൽ ഞാറിന്റെ തിരികൾ അഴിച്ചെടുക്കും.

വെള്ളത്തിനടിയിലുള്ള ചേറിലേയ്ക്ക് ഞാറിന്റെ വേരുകൾ കുത്തിത്താഴ്ത്തും.

അതിന് താളമുണ്ട്, ലയമുണ്ട്, നൃത്തഭംഗിയുണ്ട്.

പത്തുപന്ത്രണ്ട് കിടാത്തികൾ നിരന്നുനിന്നാണ് ഞാറ് നടുന്നത്.

പത്തുപന്ത്രണ്ട് അപ്സരസ്സുകൾ.

കരിവീട്ടിയിൽ കടഞ്ഞെടുത്ത മേനിയുള്ള അപ്സരസ്സുകൾ.

ഞാറ്റുപാട്ടെന്ന് കേട്ടിട്ടില്ലേ?

അപ്സരസ്സുകൾ പാട്ട് പാടും.

ഞാറ്റുപാട്ടെന്ന് കേട്ടിട്ടില്ലേ?

കോൾമയിർ കൊള്ളിക്കുന്ന ഗാനങ്ങൾ.

ഒറോനത്തോടിന് സമീപമാണ് ആയിരവല്ലിപ്പാടം.

ഒറോനത്തോടിന് കുറുകെ കല്ലുപാലമുണ്ട്.

നാല് അടി വീതിയുള്ള കല്ലുപാലം.

പതിനഞ്ച് അടി നീളം കാണും.

കോൺക്രീറ്റ് സ്ലാബ് പോലെ മിനുസ്സമുണ്ട് കല്ലുപാലത്തിന്.

ഒറ്റക്കല്ലിൽ തീർത്ത കല്ലുപാലം.

എങ്ങനെ ഒറ്റക്കല്ലിൽ ആ പാലം പണിതു?

എങ്ങനെ അത് ചെത്തിമിനുക്കി?

എവിടെ നിന്ന് കല്ലുപാലം കൊണ്ടുവന്നു? ആര് കൊണ്ടുവന്നു?

മുറിയാതെ, പൊട്ടാതെ കല്ലുപാലം കൊണ്ടുവന്ന് പ്രതിഷ്ഠിച്ച പൂർവികർ ആരാണ്?

എന്റെ ഇളംമനസ്സിൽ ആയിരം ചോദ്യങ്ങളുയർന്നു.

ഉത്തരം അറിഞ്ഞുകൂടാ. നാട്ടിലെ പഴമക്കാർക്ക് പോലും അറിഞ്ഞുകൂടാ.

കല്ലുപാലത്തിന് സമീപമാണ് 'കല്ലമ്പലം' എന്ന് ഞങ്ങൾ വിളിച്ചിരുന്ന കളിത്തട്ട്.

കല്ലമ്പലത്തിന് നാല് തൂണുകളുണ്ട്.

ഒറ്റക്കല്ലിൽ ഉണ്ടാക്കിയ തൂണുകൾ.

തറ കരിങ്കൽ പാകിയതാണ്.

ഭിത്തിയില്ല.

ചെത്തിമിനുക്കിയ കല്ലുകളാണ് മേൽക്കൂര.

എല്ലാം കരിങ്കൽമയം.

കല്ലമ്പലത്തോട് ചേർന്നാണ് ചുമടുതാങ്ങി.

രണ്ട് തൂണുകൾ.

തൂണുകൾക്ക് മുകളിൽ ചെത്തിമിനുക്കിയ ഒറ്റക്കല്ലിൽ തീർത്ത തിരശ്ചീനമായ പ്രതലം.

ആര് പണിതു?

ആര് കൊണ്ടുവന്നു?

ആര് സ്ഥാപിച്ചു?

ആർക്കും അറിഞ്ഞുകൂടാ.

ഞാനും എന്റെ ബാല്യകാലസഖി ചിപ്പിയും.

നിഷ്ക്കളങ്കമായ ബാല്യകാലം.

ഞങ്ങൾക്ക് ഓണക്കാലമാണ്.

പള്ളിക്കൂടം പൂട്ടി. പാഠങ്ങൾ പഠിക്കേണ്ട.

ഞങ്ങൾ ഒത്തുകൂടുന്നത് കല്ലമ്പലത്തിലാണ്.

കളിക്കാൻ ഇഷ്ടംപോലെ സമയം.

അമ്മ വഴക്ക് പറയുകയില്ല.

എന്റെ കൈയിൽ ചോക്കുണ്ട്; വെളുത്ത ചോക്കുകഷണങ്ങൾ.

ചിപ്പിക്ക് പടം വരയ്ക്കാനറിയാം.

അവൾ പൂവിന്റെയും പൂച്ചയുടെയും പടം വരയ്ക്കും.

അവൾ മനുഷ്യന്റെ പടം വരയ്ക്കും. ഒരിക്കൽ അവൾ കുറുപ്പുസാറിന്റെ പടം വരച്ചു.

ഞങ്ങൾ ചോക്കുകൊണ്ട് കളങ്ങൾ വരയ്ക്കും, കളിത്തട്ടിന്റെ തറയിൽ.

കളങ്ങളിൽ കല്ലുകൾ നിരത്തും.

കളങ്ങളും കല്ലുകളുമുള്ള കളി.

ആയിരവല്ലിപ്പാടത്തുനിന്നും ഈണത്തിലുള്ള ഞാറ്റ് പാട്ട് ഉയർന്നുകേൾക്കാം. ഞാറ് നടുന്ന കിടാത്തികളാണ് പാടുന്നത്.

തേവിയാണ് ലീഡർ.

അവൾ പാടുന്നത് മറ്റുള്ളവർ ഏറ്റുപാടുന്നു.

കൌസല്യയുണ്ട്.

ലച്ച്മിയുണ്ട്.

മാതുവും താത്രിയുമുണ്ട്.

മീനാച്ചിയുണ്ട്.

കുട്ടപ്പന്റെ കിടാത്തികളെല്ലാമുണ്ട്.

“തിരുവോണം കാലത്ത് കുളിച്ചുണ്ണാൻ ചെന്നപ്പം
തിരുമങ്കപ്പെണ്ണിന്റെ പൊൻകുടം കണ്ടില്ലേ
തമ്പിരാൻ വന്നിട്ടും തമ്പാട്ടി നോക്കീട്ടും
തിരുമങ്കപ്പെണ്ണിന്റെ പൊൻകുടം കണ്ടില്ലേ
കെന്തരോൻ വന്നിട്ടും ചുന്തരൻ മാട്ടീട്ടും
തിരുമങ്കപ്പെണ്ണിന്റെ പൊൻകുടം കണ്ടില്ലേ
മുതുപാല പൂത്തിട്ടും പൂമണം പാറീട്ടും

തിരുമങ്കപ്പെണ്ണിന്റെ പൊൻകുടം കണ്ടില്ലേ

പെരുമ്പാണൻ വന്നിട്ടും പാവാട തുന്നീട്ടും

തിരുമങ്കപ്പെണ്ണിന്റെ പൊൻകുടം കണ്ടില്ലേ

തിരുവൈദ്യൻ വന്നിട്ടും തിരുലേഹ്യം തിന്നിട്ടും

തിരുമങ്കപ്പെണ്ണിന്റെ പൊൻകുടം കണ്ടില്ലേ

പെരുന്തട്ടാൻ വന്നിട്ടും മൂക്കുത്തി തീർത്തിട്ടും

തിരുമങ്കപ്പെണ്ണിന്റെ പൊൻകുടം കണ്ടില്ലേ

തിരുവട്ടൂർ കാവിലെ തിരുവാട്ടം കണ്ടിട്ടും

തിരുമങ്കപ്പെണ്ണിന്റെ പൊൻകുടം കണ്ടില്ലേ

പത്തേരു കാളയെ പൂട്ടീട്ടു വന്നിട്ടും

തിരുമങ്കപ്പെണ്ണിന്റെ പൊൻകുടം കണ്ടില്ലേ

നെയ്ത്തോടു പള്ളീലെ നെയ്ച്ചോറ് തിന്നിട്ടും

തിരുമങ്കപ്പെണ്ണിന്റെ പൊൻകുടം കണ്ടില്ലേ

ചീലാന്തിമേയ്ക്കലെ ചിന്തൂരമിട്ടിട്ടും

തിരുമങ്കപ്പെണ്ണിന്റെ പൊൻകുടം കണ്ടില്ലേ

പുതുമാരൻ വന്നപ്പം മുത്തേരി തന്നപ്പം

തിരുമങ്കപ്പെണ്ണിന്റെ പൊൻകുടം കണ്ടേ!"

ഞാറ്റുപാട്ട് പാടിക്കഴിഞ്ഞപ്പോൾ തേവി നടുവൊന്ന് നിവർത്തു. ഇടയ്ക്കിടെ ഞാറ് നടുന്ന പെണ്ണാൾ നടുവ് നിവർക്കും. അപ്പോൾ അവർ ചുറ്റുപാടും കണ്ണോടിക്കും.

തേവി ഞങ്ങളെ കണ്ടു; എന്നെയും ചിപ്പിയെയും.

തേവി ഒരു കുസൃതിപ്പാട്ട് പാടി.

തേവി അങ്ങനെയാണ്.

ചിലപ്പോൾ തേവി കുസൃതിപ്പാട്ട് പാടും. എന്നിട്ട് ഒരു കള്ളച്ചിരി പാസ്സാക്കും.

ചിരിക്കുമ്പോൾ തേവിയുടെ സൌന്ദര്യം കൂടും. അരിശം വരുമ്പോഴും തേവിക്ക് സൌന്ദര്യം കൂടും.

“തൊമ്മിക്കുട്ടൻ വന്നിട്ടും ചിപ്പീനെ കെട്ടീട്ടും

തിരുമങ്കപ്പെണ്ണിന്റെ പൊൻകുടം കണ്ടില്ലേ.”

കിടാത്തികൾ ഏറ്റുപാടി.

തേവി ചിരിച്ചു.

ലച്ച്മി ചിരിച്ചു.

പെണ്ണാളെല്ലാം ആർത്തുചിരിച്ചു.

എനിക്ക് സങ്കടമായി. അല്ല, നാണക്കേടായി.

തേവി എന്നെ കളിയാക്കി.

പൂഞ്ചോലച്ചിറ പൊട്ടി. അത് ശക്തമായി ഒഴുകി,
കവിൾത്തടങ്ങളിലൂടെ.

ചിപ്പി ചിരിച്ചു. അവൾ കുടുകുടാ ചിരിച്ചു. ചിപ്പി ചിരിക്കുമ്പോൾ താമരപ്പൂവിന്റെ ചന്തമുണ്ട്.

എന്റെ പത്രാസ് പോയി.

ഞാൻ തേവിയോട് ഉറക്കെ വിളിച്ചു പറഞ്ഞു.

“ഞാൻ അമ്മയോട് പറയും, പണ്ടത്തെ കാര്യം.”

തേവി സ്വന്തം വലതുകൈകൊണ്ട് സ്വന്തം വായ് പൊത്തിപ്പിടിച്ചു.

“അയ്യോ പറയല്ലേ.”

എന്നാണ് ആ ആംഗ്യഭാഷയുടെ അർത്ഥം.

“എന്താണ് പണ്ടത്തെ കാര്യം?”

ചിപ്പി ചോദിച്ചു.

ഞാൻ മറുപടിയൊന്നും പറഞ്ഞില്ല.

ഞാനോടി, വീട്ടിലേയ്ക്ക്.

അമ്മയുടെ പുടവത്തുമ്പിൽ ഞാന്ന് സങ്കടം പകർന്നു.

പുടവയുടെ പിൻഭാഗം വിശറി പോലെയാണ്. വിശറിയിൽ കണ്ണീരും മൂക്കളയും തേച്ചുവച്ചു.

ഞാൻ പറഞ്ഞു.

“തേവി എന്നെ കളിയാക്കി ഞാറ്റുപാട്ട് പാടി. ഞാനിനി തേവിയെ കരിവീട്ടിത്തേവിയെന്നേ വിളിക്കൂ.”

അമ്മ പറഞ്ഞു:

“സാരമില്ല, ഞാനവളോട് ചോദിക്കാം.”

ആശ്വാസമായി.

നാല് ദശാബ്ദങ്ങൾ കഴിഞ്ഞു. ഒറോനത്തോട് പലതവണ കവിഞ്ഞൊഴുകി.

ഒറോനത്തോടിന് കുറുകെയുള്ള കല്ലുപാലം കാണാനായി ഞാൻ ചെന്നു.

അവിടെ കല്ലുപാലമില്ല.

ചുമടുതാങ്ങിയില്ല.

കല്ല് പാകിയ കളിത്തട്ടുമില്ല.

ആയിരവല്ലിപ്പാടം അപ്രത്യക്ഷമായിരിക്കുന്നു.

ഞാറ് നടുന്ന പെണ്ണാളില്ല.

പൊന്നിൻകതിര് വിളയുന്ന നെല്പാടമില്ല.

ഞാറ്റുപാട്ടുകൾ അന്യം നിന്നുകഴിഞ്ഞു.

തേവിയും ചിപ്പിയുമില്ല.

കല്ലുപാലം ഉണ്ടായിരുന്ന സ്ഥലത്ത് ഒരു കാൺക്രീറ്റ്പാലം തീർന്നിരിക്കുന്നു.

തേവിയുടെയും കൌസല്യയുടെയും മുഖശ്രീയുള്ള ചില കുഞ്ഞുങ്ങൾ അപരിചിതനെ കാണാത്തമട്ടിൽ നടന്നകന്നു. ഞാനും തിരിച്ചുനടന്നു.

തേവിയുടെ പുതിയ താമസസ്ഥലം ഞാൻ കണ്ടെത്തി, കല്ലുപാലത്തിൽ നിന്നും നാലഞ്ച് നാഴിക അകലെ. ഒരു നാഴികദൂരം നടന്നാണ് ഞാൻ അവിടെയെത്തിയത്.

ഒറ്റക്കള്ളിമുണ്ടുടുത്ത് മുറ്റമടിക്കുന്ന തേവിയെ ഒരു വിളിപ്പാടകലത്തിൽ ഞാൻ കണ്ടു. വാർദ്ധക്യത്തിന്റെ പടിവാതില്ക്കലും യൌവ്വനം വിട്ടുമാറാൻ മടികാണിക്കുന്ന ശരീരമാണ് തേവിയുടേത്. നിർന്നിമേഷനായി നോക്കി നില്ക്കുന്ന എന്നെ തേവി കണ്ടു.

“ആരാ അത്?”

തേവി വിളിച്ചുചോദിച്ചു.

“തേവിയല്ലേ?”

“അതേ, നിങ്ങളാരാണ്?”

വീണ്ടും തേവിയുടെ ചോദ്യമുയർന്നു.

ഒരു കുസൃതി എന്റെ മനസ്സിൽ തോന്നി.

ഞാൻ ആരാണെന്ന് പറയുന്നില്ല. തേവിക്ക് ഒരു ‘സർപ്രൈസ്’ ആയിക്കോട്ടെ.

“എന്താ ഒന്നും മിണ്ടാതെ നിന്ന് ചിരിക്കുന്നത്? ആരാണെന്ന് പറയണം.”

തേവി ആവശ്യപ്പെട്ടു.

ഞാൻ വീണ്ടും ചിരിച്ചു. തേവിക്ക് അരിശമായി.

അവളുടെ കപോലങ്ങൾ തുടിച്ചു. ചുണ്ടുകൾ വിറച്ചു. തേവി കൂടുതൽ സുന്ദരിയായി.

കാലം തേവിയിൽ കാര്യമായ വ്യതിയാനങ്ങളൊന്നും വരുത്തിയിട്ടില്ലെന്ന് എനിക്ക് തോന്നി.

“തേവി.”

“തേവി എന്നാണെന്റെ പേര്. നിങ്ങൾ ആരാണെന്ന് പറയൂ.”

തേവി പൊട്ടിത്തെറിച്ചു.

അവസാനം ഞാൻ വിളിച്ചു.

“കരിവീട്ടിത്തേവി.”

“ഹയ്യോ, എന്റെ പൊന്നേ, എന്റെ തൊമ്മിക്കുട്ടാ,”

അനിയന്ത്രിതമായ ഒരു ആവേശത്തോടെ തേവി എന്റെ നേരെ ചാടി. രണ്ട് ചുവടുകൾ വച്ചിട്ട് പെട്ടെന്ന് നിന്നു. അരുതാത്തത് എന്തോ ചെയ്തതുപോലെ അവൾ എന്റെ നേരെ നോക്കി.

പൊട്ടിച്ചിരിച്ചുകൊണ്ട് ഞാൻ ഇരുകൈകളും നീട്ടി. എന്നിട്ട് പറഞ്ഞു.

“ഇല്ല, ഞാൻ അമ്മയോട് പറയുകയില്ല.”